File No.EDRD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - സംസ്ഥാനത്ത് നടക്കുന്ന അഖിലേന്ത്യാ അപ്രന്റിസ്ഷിപ്പ് പരീക്ഷയിൽ, സ്കിൽ പരീക്ഷയുമായി ബന്ധപ്പെട്ട ട്രേഡിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം ലഭിച്ച് പ്രാദേശിക പ്രവൃത്തി പ്രാവീണ്യ പരീക്ഷയിൽ പങ്കെടുക്കുന്ന ഓരോ ട്രേഡിലെയും ട്രെയിനികൾക്കും പ്രാദേശിക പ്രവൃത്തി പ്രാവീണ്യ പരീക്ഷയിൽ വിജയിക്കുന്ന ട്രെയിനികൾക്കും ക്യാഷ് അവാർഡ് നൽകുന്നതിന് അനുമതി നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(സാധാ)/1088/2017/തൊഴിൽ** തിരുവനന്തപുരം,തീയതി, 17/08/2017

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 24/05/17 എന്ന് തീയതിയിലെ ജി4/37693/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആൾ ഇന്ത്യാ അപ്രന്റീസ് സ്കിൽ കോംപറ്റീഷനിൽ സെലക്ടഡ് ട്രേഡുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി മികച്ച നൈപുണ്യകനായി (ബെസ്റ്റ് അപ്രന്റീസ്) ഡി.ജി.റ്റി. തിരഞ്ഞെടുക്കുന്ന ട്രെയിനിക്ക് അല്ലെങ്കിൽ സംസ്ഥാനത്ത് നടക്കുന്ന അഖിലേന്ത്യാ അപ്രന്റിസ്ഷിപ്പ് പരീക്ഷയിൽ സ്കിൽ പരീക്ഷയുമായി ബന്ധപ്പെട്ട ട്രേഡിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം ലഭിച്ച് പ്രാദേശിക പ്രവൃത്തി പ്രാവീണ്യ പരീക്ഷയിൽ പങ്കെടുക്കുന്ന ഓരോ ട്രേഡിലെയും ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ പ്രോത്സാഹനമായി മെരിറ്റ് സർട്ടിഫിക്കറ്റിനോടൊപ്പം 10,000/-(പതിനായിരം) രൂപയുടേയും പ്രാദേശിക പ്രവൃത്തി പ്രാവീണ്യ പരീക്ഷയിൽ വിജയിക്കുന്ന ട്രെയിനികൾക്ക് 20,000/-(ഇരുപതിനായിരം) രൂപയുടേയും ക്യാഷ് അവാർഡ് നൽകുന്നതിന് അനുമതി നൽകണമെന്ന് ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് നടക്കുന്ന അഖിലേന്ത്യാ അപ്രന്റിസ്ഷിപ്പ് പരീക്ഷയിൽ, സ്കിൽ പരീക്ഷയുമായി ബന്ധപ്പെട്ട ട്രേഡിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം ലഭിച്ച് പ്രാദേശിക പ്രവൃത്തി പ്രാവീണ്യ പരീക്ഷയിൽ പങ്കെടുക്കുന്ന ഓരോ ട്രേഡിലെയും ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ പ്രോത്സാഹനമായി മെരിറ്റ് സർട്ടിഫിക്കറ്റിനോടൊപ്പം 10,000/-(പതിനായിരം) രൂപയുടേയും പ്രാദേശിക പ്രവൃത്തി പ്രാവീണ്യ പരീക്ഷയിൽ വിജയിക്കുന്ന ട്രെയിനികൾക്ക് 20,000/-(ഇരുപതിനായിരം) രൂപയുടേയും ക്യാഷ് അവാർഡ് നൽകുന്നതിനുള്ള അനുമതി ട്രെയിനിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഇനത്തിൽ ഉണ്ടാകുന്ന ചെലവ് അപ്രന്റിസ് ട്രെയിനിംഗ് സംബന്ധിച്ച് അനുവദിച്ചിട്ടുള്ള "2230-03-102-99-NAS-28 P&SS" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. താരാദേവി**

**ജോയിന്റ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( എച്ച് & എൽ - എ3/101 /2016- ധന (248071) തീയതി : 24.07.2017 )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്.(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻവേണ്ടി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**<u>Endt.No.G4/37683/14 Dated: 25. 09.2017</u>**

<u>Copy Communicated to:</u> All Inspectors of Training, all RIC Training Officers and Principals of ITI, Chenneerkkara/ Kattappana/ Kalpetta/ Areacode/ Kasargod for information and necessary action.

**Additional Director of Training**

<u>Copy to:-</u> CA to DT, ADT, DYSAA, TTO, SS(G), Joint Director (Kannur), Stock File, Website, Media